(ബി) കോട്ടൺഹിൽ ഗേൾസ് സ്കൂളിനടുത്തുള്ള ഈശ്വരവിലാസം ജംഗ്ഷനു സമീപമുള്ള ട്രാൻസ്ഫോർമറിനരികിലായി കെ ആർ വി 7443 എന്ന ടെമ്പോവാൻ നിത്യേന വൈകുന്നേരം റോഡിലിട്ട് കഴുകുന്നത് കാൽ നടക്കാർക്ക് അസൗകര്യവും മറ്റു വാഹനങ്ങൾക്ക് അപകടവും വരുത്തുന്നതിനാൽ ഇതിനെതിരായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വീകരിച്ചിട്ടുണ്ട്.

ഏറ്റുമാനൂർ അമ്പലമോഷണക്കേസിൽ ഇൻവെസ്റ്റിഗേഷൻ നടത്തിയവർക്ക് 'റിവാർഡ്'

886 [1642] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റുമാനൂർ അമ്പലമോഷണക്കേസിൽ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് കൂട്ടമായി പ്രവർത്തിച്ചവരിൽ ഫിംഗർ പ്രിൻറ് എക്സ് പെർട്ടിനും പോലീസ് ഫോട്ടോഗ്രാഫർക്കും റിവാർഡുകൾ നൽകുകയുണ്ടായോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടു നൽകിയില്ല എന്നു വ്യക്തമാക്കാമോ;

(സി) ഫിംഗർ പ്രിൻറ് എക്സ്പെർട്ടിനും പോലീസ് ഫോട്ടോഗ്രാഫർക്കും റിവാർഡ് നൽകാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഈ കേസുമായി ബന്ധപ്പെട്ട ഫിംഗർ പ്രിൻറ് ഒന്നുംതന്നെ കിട്ടിയിട്ടില്ല. സംഭവസ്ഥലം എണ്ണ പുരണ്ടിരുന്നതുകൊണ്ടും വസ്തുക്കളുടെ ഉപരിതലം മിനുസമല്ലാത്തതുകൊണ്ടുമാണ് ഫിംഗർ പ്രിൻറ് കിട്ടാഞ്ഞത്. ഫോട്ടോഗ്രാഫർ സ്ഥലത്തിന്റെ ഫോട്ടോ എടുക്കുകമാത്രമാണ് ചെയ്തത്. അദ്ദേഹം കേസ് തെളിയിക്കുന്നതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥനല്ല. അതിനാൽ ഈ രണ്ടുകൂട്ടർക്കും റിവാർഡ് നൽകിയിട്ടില്ല.

(സി) ഉദിക്കുന്നില്ല.

മാരായമുട്ടത്ത് പോലീസ് ചാർജിംഗ് സ്റ്റേഷൻ

887 [1643] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളറട പോലീസ് സ്റ്റേഷൻ അതിർത്തിയിൽ ഇപ്പോൾ ഏതെല്ലാം പ്രദേശങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്;

(ബി) ഇവിടത്തെ ആകെ ജനസംഖ്യ എത്ര;

(സി) മാരായമുട്ടത്ത് ഒരു പോലീസ് ചാർജിംഗ് സ്റ്റേഷൻ തുടങ്ങണമെന്ന നിർദ്ദേശം എന്നാണ് സർക്കാരിന്റെ പരിഗണനയ്ക്കു വന്നത്;

LIBRARY ARCHIVES Kerala Legislative Assembly